# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) രണ്ടു ദിവസത്തെ ഒഡീഷ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഭുവനേശ്വറിലെത്തി. 18-ാമത് പ്രവാസി ഭാരതീയ ദിവസിൻറെ സമാപന സമ്മേളനത്തിൽ രാഷ്ട്രപതി നാളെ പങ്കെടുക്കും.

   **President Draupadi Murmu has arrived at Bhubaneswar on a two-day visit to Odisha. The President will attend the valedictory function of the 18th Pravasi Bharatiya Diwas tomorrow.**

2) വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ പ്രവാസി സമൂഹം വഹിക്കുന്ന പങ്ക് നിർണ്ണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi has said that the role played by the Indian diaspora community is crucial in achieving the goal of a developed India.**

3) കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗന്റെ കേരളാ സന്ദർശനം പുരോഗമിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിന് കേന്ദ്രസർക്കാർ നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്ന് കേന്ദ്രസഹമന്ത്രി.

   **Union Minister of State L Murugan's visit to Kerala is in progress. The Union Minister of State said that the central government is implementing several schemes for environmental protection.**

4) മികച്ച വരുമാനവും തൊഴിലും സൃഷ്ടിക്കുന്നതിനുള്ള ശക്തമായ മേഖലയായി ജൈവകൃഷി മാറിയെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.

   **Union Minister Piyush Goyal said that organic farming has become a strong sector for generating good income and employment.**

5) ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ചെന്നൈയിൻ എഫ്സി - ഒഡീഷ പോരാട്ടം.

   **In ISL football Chennaiyin FC and Odisha to play against eachother today .**

&&&&&&&&&&&&&&&&&&&

## HEAD LINE – 1

## PREZ - VISIT

രണ്ടു ദിവസത്തെ ഒഡീഷ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഭുവനേശ്വറിലെത്തി. ബിജു പട്നായിക് അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ രാഷ്ട്രപതിയെ ഒഡീഷാ ഗവർണർ, മുഖ്യമന്ത്രി തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. 18-ാമത് പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൻറെ സമാപന സമ്മേളനത്തിൽ രാഷ്ട്രപതി നാളെ പങ്കെടുക്കും. പ്രവാസി ഭാരതീയ പുരസ്കാരങ്ങൾ രാഷ്ട്രപതി ചടങ്ങിൽ സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## NEW PM-PRAVASI BHARATIYA DIVAS (INTRO)

2047 ഓടെ രാജ്യത്തെ വികസിത രാജ്യമാക്കുന്നതിൽ പ്രവാസി സമൂഹം വഹിക്കുന്ന പങ്ക് നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 18-ാമത് പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൻറെ ഉദ്ഘാടനം ഭുവനേശ്വറിൽ നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി. ലോകത്തെ വിവിധ ഇടങ്ങളിൽ ഇന്ത്യൻ സമൂഹം മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്നതായും രാജ്യത്തിന് അഭിമാനമാകുന്നതായും ശ്രീ മോദി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയ്സ്.....)

വികസിത ഭാരതത്തിനായി പ്രവാസി സമൂഹത്തിൻറെ സംഭാവന എന്ന പ്രമേയത്തിലാണ് ഈ വർഷത്തെ പ്രവാസി ഭാരതീയ ദിനാഘോഷം സംഘടിപ്പിച്ചിരിക്കുന്നത്. പ്രവാസി ഭാരതീയ എക്സ്പ്രസ് പ്രത്യേക ടൂറിസ്റ്റ് ട്രെയിൻറെ ഫ്ലാഗ് ഓഫും പ്രധാനമന്ത്രി ചടങ്ങിൽ നിർവഹിച്ചു. വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് തുടങ്ങിയവരും സമ്മേളനത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## VP - BENGALURU VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ മറ്റെന്നാൾ കർണാടകയിലെ ബംഗളൂരു സന്ദർശിക്കും. സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ

ചെയർമാൻമാരുടെ 25-ാമത് ദേശീയ സമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&

## HEAD LINE – 3

## L MURUGAN (INTRO)

പരിസ്ഥിതി സംരക്ഷണത്തിന് കേന്ദ്രസർക്കാർ മുൻഗണന നൽകുന്നുണ്ടെന്നും ഇതിനായി നിരവധി പദ്ധതികൾ നടപ്പാക്കുന്നതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ. ആലപ്പുഴ സംഹതി ക്യാമ്പസിൽ നടക്കുന്ന സുഗത സൂക്ഷ്മ വനം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

**(ഹോൾഡ് വോയ്സ്...)**

പരിസ്ഥിതി, വനിതാ ശാക്തീകരണം, പാവപ്പെട്ടവരുടെ ഉന്നമനം എന്നിവയ്ക്കായി ജീവൻ ഒഴിഞ്ഞുവച്ച വ്യക്തിയായിരുന്നു കവയിത്രി സുഗതകുമാരി എന്നും ശ്രീ എൽ മുരുഗൻ പറഞ്ഞു. രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായെത്തിയ കേന്ദ്രസഹമന്ത്രി വള്ളിക്കാവ് അമൃതാനന്ദമയി ആശ്രമവും സന്ദർശിക്കും. നാളെ കൊട്ടാരക്കര ആവണീശ്വരം പത്മനാഭ പിള്ള മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലും പാരിപ്പള്ളി അമൃത സംസ്കൃത ഹയർസെക്കൻഡറി സ്കൂളിലും നടക്കുന്ന സുഗത സൂക്ഷ്മ വനം ഉദ്ഘാടന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## TIRUPATI –PRESIDENT/PM/RAHUL GANDHI

തിരുപ്പതിയിൽ വൈകുണ്ഠ ഏകാദശി ദർശനത്തിൻ്റെ ടോക്കൺ വിതരണ കേന്ദ്രത്തിലെ തിക്കിലും തിരക്കിലും പെട്ട് മരിച്ച ആറ് പേരുടെ ആശ്രിതർക്ക് ആന്ധ്രാപ്രദേശ് സർക്കാർ 25 ലക്ഷം രൂപ വീതം നഷ്ടപരിഹാരം പ്രഖ്യാപിച്ചു. സംഭവത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക് സഭാ പ്രതിപക്ഷനേതാവ് രാഹുൽഗാന്ധി തുടങ്ങിയ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&

## PM GENOME INDIA PROJECT

ആഗോള പ്രശ്നങ്ങൾക്കുള്ള പരിഹാരമായി ലോകം ഇന്ത്യയെ ഉറ്റുനോക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന ജീനോമിക്സ് ഡേറ്റ കോൺക്ലേവിനെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. രാജ്യത്തിൻറെ ബയോടെക്നോളജി മേഖലയിൽ ജീനോം ഇന്ത്യ പദ്ധതി ഊർജം പകരുന്നതായും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. സുസ്ഥിര വികസനത്തിന് ബയോ ഇക്കോണമി ആക്കം കൂട്ടുന്നതായി പറഞ്ഞ പ്രധാനമന്ത്രി കഴിഞ്ഞ 10 വർഷത്തിൽ മേഖല വലിയ തോതിൽ വികസിച്ചതായും വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## CM- KERALA

വീട് വയ്ക്കുന്നതിന് ഭൂമി തരംമാറ്റാനുള്ള അപേക്ഷകളിൽ അതിവേഗം തീരുമാനമുണ്ടാകണമെന്നും നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ അപേക്ഷകരെ അറിയിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് രണ്ട് ദിവസമായി ചേർന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പ് മേധാവികളുടെയും വാർഷിക സമ്മേളനത്തിന്റെ സമാപനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. നെൽവയൽ നിയമം വരുന്നതിനു മുൻപ് പുരയിടമായി പരിവർത്തനം ചെയ്ത ഭൂമി തരംമാറ്റുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## GOYAL - ORGANIC FARMING

മികച്ച വരുമാനവും തൊഴിലും സൃഷ്ടിക്കുന്നതിനുള്ള ശക്തമായ മേഖലയായി ജൈവകൃഷി മാറിയെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ . ജൈവകൃഷിയിലൂടെ കർഷകരുടെ വരുമാനം വർധിച്ചതായി ദേശീയ ജൈവ ഉൽപാദന പരിപാടിയുടെ എട്ടാമത് എഡിഷൻ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തവെ അദ്ദേഹം പറഞ്ഞു. നിലവിൽ ജൈവ ഉൽപന്നങ്ങളുടെ കയറ്റുമതി ആറായിരം കോടി രൂപയാണെന്നും അടുത്ത മൂന്ന്

വർഷത്തിനുള്ളിൽ ഇത് 20,000 കോടി രൂപയായി ഉയരുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## MP - NITIN GADKARI

ഊർജം ഇറക്കുമതി ചെയ്യുന്ന രാജ്യമെന്ന നിലയിൽ നിന്ന് ഊർജം കയറ്റുമതി ചെയ്യുന്ന രാജ്യമായി മാറേണ്ടതുണ്ടെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി മധ്യപ്രദേശിൽ പറഞ്ഞു. ഇന്ത്യ ബദൽ ഊർജ്ജ സ്രോതസ്സുകളെ നിരന്തരം പ്രോത്സാഹിപ്പിക്കുന്നുണ്ട്. രാജ്യത്തിൻ്റെ സാമ്പത്തിക വളർച്ചയിൽ ഓട്ടോമൊബൈൽ വ്യവസായത്തിൻ്റെ പ്രാധാന്യം എടുത്തുകാട്ടിയ അദ്ദേഹം ഈ മേഖലയിൽ ഇതുവരെ 4.5 കോടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നും പറഞ്ഞു.

&&&&&&&&&&&&&&&&&&

## MAHA KUMBH MELA

ഉത്തർപ്രദേശിൽ ഈ മാസം 13 ന് ആരംഭിക്കുന്ന മഹാ കുംഭമേളക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. മേള നടക്കുന്ന പ്രധാന നദികളുടെ തീരം പന്ത്രണ്ട് കിലോമീറ്റർ ചുറ്റളവിൽ സ്നാന ചടങ്ങുകൾക്കായി തയ്യാറാക്കിയിട്ടുണ്ട്. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പ്രയാഗ്‌രാജിൽ അവസാന ഒരുക്കങ്ങൾ വിലയിരുത്തി. ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമസ്ഥാനത്ത് ഈ മാസം 13 മുതൽ ഫെബ്രുവരി 26 വരെയാണ് മഹാ കുംഭമേള നടക്കുന്നത്. മേളയ്ക്ക് രാജ്യത്തിനകത്തും പുറത്തും നിന്നുമായി 45 കോടിയിലധികം ഭക്തർ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&

## KUMBHVANI LAUNCH

ഈ വർഷത്തെ മഹാകുംഭമേളയോടനുബന്ധിച്ച് ആകാശവാണി ആരംഭിക്കുന്ന ചാനൽ, കുംഭവാണി നാളെ ഉത്തർപ്രദേശിൽ പ്രവർത്തനം ആരംഭിക്കും. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യ നാഥ് ഉദ്ഘാടനം ചെയ്യും. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ പരിപാടിയിൽ വിർച്വലായി

പങ്കെടുക്കും. അടുത്ത മാസം 26 വരെ പരിപാടികൾ പ്രക്ഷേണം ചെയ്യും .

&&&&&&&&&&&&&&&&&&

**BOBBY CHEMMANNUR**

നടി ഹണി റോസിനെ ലൈംഗികമായി അധിക്ഷേപിച്ച കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂരിനെ എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ഇയാൾ സമർപ്പിച്ച ജാമ്യാപേക്ഷ കോടതി തള്ളി. ജാമ്യം നിഷേധിച്ചതിനെ തുടർന്ന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട ബോബി ചെമ്മണ്ണൂരിനെ പോലീസ് എറണാകുളം ജനറൽ ആശുപത്രിയിൽ എത്തിച്ചു.

&&&&&&&&&&&&&&&&&&

**HEAD LINE – 5**

**ISL**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ചെന്നൈയിൻ എഫ്സി - ഒഡീഷ പോരാട്ടം. ചെന്നൈയിലാണ് മത്സരം. പോയിന്റ് പട്ടികയിൽ നിലവിൽ, ഒഡീഷ ഏഴാം സ്ഥാനത്തും ചെന്നൈയിൻ പത്താം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&&&

**SABARIMALA**

മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കേ തീർത്ഥാടകരാൽ നിറഞ്ഞ് ശബരിമല സന്നിധാനം. തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കാൻ സന്നിധാനത്ത് കൂടുതൽ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മാസം14 നാണ് മകരവിളക്ക്.

&&&&&&&&&&&&&&&&&&

**TN–FISHERMEN ARRESTED**

അന്താരാഷ്ട്ര സമുദ്രാതിർത്തി ലംഘിച്ചതിന് തമിഴ്നാട്ടിലെ നാഗപട്ടണം, കാരക്കൽ എന്നിവിടങ്ങളിൽ നിന്നുള്ള പത്ത് മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ നാവികസേന അറസ്റ്റ് ചെയ്തു. കൂടുതൽ ചോദ്യം ചെയ്യുന്നതിനായി മത്സ്യത്തൊഴിലാളികളെ

ശ്രീലങ്കയിലെ കാങ്കേസന്തുറൈ തുറമുഖത്തുള്ള നാവിക ക്യാമ്പിലേക്ക് കൊണ്ടുപോയി.

&&&&&&&&&&&&&&&&&&&

**PRALHAD JOSHI-MUMBAI**

2030-ഓടെ 50 ശതമാനം ഫോസിൽ ഇതര ഊർജത്തിലേക്ക് മാറാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി. സമൃദ്ധമായ പുനരുപയോഗ ഊർജ സ്രോതസ്സുകളുള്ള ഇന്ത്യ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഹരിത ഊർജ മേഖലയെ സാമ്പത്തികമായി ലാഭകരമാക്കുന്നതിലാണ് ശ്രദ്ധിക്കുന്നതെന്നും അദ്ദേഹം മുംബൈയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&

**CHHATTISGARH-MAOISTS**

ഛത്തീസ്ഗഢിലെ സുക്മ ജില്ലയിൽ സുരക്ഷാ സേനയും മാവോയിസ്റ്റുകളും തമ്മിൽ ഏറ്റുമുട്ടൽ. സുക്മ, ബീജാപൂർ ജില്ലകളുടെ അതിർത്തി വനമേഖലയിൽ സുരക്ഷാ ഉദ്യോഗസ്ഥരുടെ സംയുക്ത സംഘം നടത്തിയ തെരച്ചിലിനിടെയാണ് വെടിവയ്പ്പ് ആരംഭിച്ചത്. മൂന്ന് മാവോയിസ്റ്റുകളെ വധിച്ചു. ഏറ്റുമുട്ടൽ തുടരുകയാണ് .

&&&&&&&&&&&&&&&&&&&

**COLDWAVE**

വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അതിശൈത്യം തുടരുന്നു. ഹിമാചൽ പ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, പടിഞ്ഞാറൻ മധ്യപ്രദേശ്, ജമ്മു-കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ രണ്ട് ദിവസം കൂടി ശൈത്യ തരംഗം നിലനിൽക്കുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്. രാജ്യത്തിൻറെ വടക്കുപടിഞ്ഞാറൻ മേഖലയിൽ വരും ദിവസങ്ങളിൽ മഴയ്ക്കും മഞ്ഞുവീഴ്ചയ്ക്കും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&